**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4545

17.12.2014 ൽ മറുപടിയ്ക്ക്

**പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ | | **ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. 2012-13 മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒ.ബി.സി. വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് രാജ്യത്തെ ജുഡീഷ്യറിയിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും, അഭിഭാഷക വൃത്തിയിൽ പ്രാക്ടീസ് ആരംഭിക്കുന്നതിനും തുടരുന്നതിനുമുള്ള പ്രോത്സാഹനം. |
| (സി) | എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | നിയമപുസ്തകങ്ങളും യൂണിഫോമും വാങ്ങുന്നതിന് ആദ്യ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഒരാൾക്ക് വർഷം 7500/- രൂപ വീതം ആകെ 22,500/-രൂപ. |
| (ഡി) | പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | 2012-13, 2013-14 വർഷം വാർത്താ മാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകി അപേക്ഷ സ്വീകരിച്ച് അർഹരായ എല്ലാപേർക്കും തുക വിതരണം ചെയ്തു. 2014-15- ൽ അറിയിപ്പ് നൽകി അപേക്ഷ സ്വീകരിച്ച് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. 2015 ജനുവരിയിൽ അർഹരായവർക്ക് ധനസഹായം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**